**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4654** **29-10-2021 - ൽ മറുപടിയ്ക്ക്**

**ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് ടൂറിസം വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് കീഴിൽ എത്ര ഡാമുകൾ ഉണ്ട്; ഇതിൽ ടൂറിസം പ്രമോഷനുമായി ബന്ധപ്പെട്ട് എത്ര ഡാമുകൾ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; എന്തൊക്കെ പ്രവൃത്തികളാണ് ടൂറിസവുമായി ബന്ധപ്പെട്ട് വകുപ്പ് ചെയ്തതെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് കീഴിൽ പതിനാറ് ഡാമുകൾ ഉണ്ട്. ടൂറിസം പ്രമോഷനുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ള ഡാമുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

**<u>നെയ്യാർ ഡാം</u>** - നെയ്യാർ ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട നെയ്യാർ ഡാമിനെ വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിനുള്ള വികസന പ്രവർത്തനങ്ങൾക്കായി ഒന്നാം ഘട്ടമായി ടൂറിസം വകുപ്പ് മുഖേന അനുവദിച്ച 4.651 കോടി രൂപയുടെ "Development of Neyyar Dam Phase -1" എന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പ്രവൃത്തികൾക്ക് ടൂറിസം വകുപ്പ് മുഖേന 3.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

**<u>മലങ്കര ഡാം</u>** - മലങ്കര ഡാമിനോടനുബന്ധിച്ച് ടൂറിസം പ്രൊമോഷനുമായി ബന്ധപ്പെട്ട 'മലങ്കര ടൂറിസം ഹബ്ബ്' എന്ന പേരിലുള്ള പദ്ധതി എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.വി.ഐ.പി ഡിവിഷൻ നം.3, ജില്ലാ കളക്ടർ, ഇടുക്കി, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി എന്നിവരുടെ സംയുക്ത നേതൃത്വത്തിലാണ് നടപ്പിലാക്കി വരുന്നത്. നിലവിൽ മലങ്കര ഡാമിനോടനുബന്ധിച്ച് കുട്ടികളുടെ പാർക്ക്, പൂന്തോട്ടം മുതലായവയും ക്രമീകരിച്ചിട്ടുണ്ട്.

**<u>കല്ലട ഡാം</u>** - കല്ലട ജലസേചന പദ്ധതിയിൽ കല്ലട ഡാമിൽ തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (TEPS) മുഖേന ടൂറിസം പ്രൊമോഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**<u>കുറ്റ്യാടി</u>** - കുറ്റ്യാടി ജലസേചന പദ്ധതിയുടെ പെരുവണ്ണാമൂഴി ഡാമിനോട് ചേർന്ന് ഒരു പൂന്തോട്ടം നിലവിലുണ്ട്. കൂടാതെ ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ 3.13 കോടി രൂപയുടെ ടൂറിസം വികസന പദ്ധതികൾ KIIDC മുഖേന പൂർത്തീകരിച്ചുവരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് തോണിക്കടവ് എന്ന സ്ഥലത്ത് ടൂറിസം നിർമ്മാണ പ്രവൃത്തികൾ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

**<u>കാരാപ്പുഴ</u>** - കാരാപ്പുഴ പദ്ധതിയോട് അനുബന്ധിച്ച് ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികൾക്കായി സ.ഉ(സാധാ)നം.1953/2012/TSM തീയതി 09/03/2012 പ്രകാരം 492.03 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി, ഓപ്പൺ എയർ തിയേറ്ററും വീഡിയോ പ്രസന്റേഷൻ ഹാളും, സുവനീറും സുഗന്ധവ്യഞ്ജന സ്റ്റാളുകളും, നടപ്പാതയും പാർക്കിംഗ് ഏരിയയും, ലാന്റ്സ്കേപ്പിംഗും വൈദ്യുതീകരണവും ലൈറ്റിംഗും തുടങ്ങിയ പ്രവർത്തികൾ ഉൾപ്പെടുത്തി ഒന്നാം ഘട്ട പദ്ധതി പൂർത്തീകരിച്ചു. ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി സ.ഉ(സാധാ) നം. 3928/2014/TSM തീയതി 21/05/2014 പ്രകാരം 229 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി പ്രവേശന കവാടം, ഗ്രാനൈറ്റ് സീറ്റിംഗ്, സാഹസിക വിനോദത്തിനായുള്ള പാർക്ക്, ഫൗണ്ടൻ, ഹാന്റ് റെയിൽ, ഗസീബോ, പാർക്കിംഗ് യാർഡ്, സോളാർ ലൈറ്റുകൾ തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തി രണ്ടാം ഘട്ട പദ്ധതി പൂർത്തീകരിച്ചു. ടൂറിസം പദ്ധതിയുടെ മൂന്നാം ഘട്ട വികസന പ്രവർത്തനങ്ങൾക്കായി സ.ഉ(സാധാ)നം. 173/2017/TSM തീയതി 25/03/2017 പ്രകാരം 4 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി, നടപ്പാത, ഫിഷിംഗ് ഡോക്കുകൾ, കുളങ്ങൾ, ഗസീബോസ്, പാർക്കിംഗ് യാർഡ്, ലാന്റ്

സ്കേപ്പിംഗ്, പവലിയൻ, ബ്രിഡ്ജ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ബാക്കി വരുന്ന പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

**<u>കാഞ്ഞിരപ്പുഴ</u>** – കാഞ്ഞിരപ്പുഴ ഡാമിനോട് ചേർന്നുള്ള ഉദ്യാനത്തിന്റെ മേൽനോട്ട ചുമതല 1/10/2021 മുതൽ ജലസേചനവകുപ്പും DTPC യും സംയുക്തമായി നടത്തിവരുന്നു. കാഞ്ഞിരപ്പുഴ ഡാമിനോടനുബന്ധിച്ച് ഗാർഡൻ, ചിൽഡ്രൻസ് പാർക്ക്, ബോട്ടിംഗ്, സോർബിംഗ് ബോൾ എന്നിവയാണ് ഉള്ളത്.

**<u>മലമ്പുഴ</u>** – മലമ്പുഴ Phase -I, Phase -II നവീകരണ പ്രവർത്തികളുടെ ഭാഗമായി ഗാർഡൻ 39 ഏക്കറിൽ നിന്നും 141 ഏക്കറായി വ്യാപിപ്പിച്ചു. നിരവധി പൂന്തോട്ട പാർക്കുകളും കാനായി കുഞ്ഞിരാമന്റെ കലാസൃഷ്ടികളുടെ പാർക്കുകളും, കുട്ടികളുടെ പാർക്കുകളും, ഡാംടോപ്പ് സഫാരി, റോപ്പ് വേ, വാട്ടർ ഫൗണ്ടനുകൾ, സിമ്മിങ്ങ് പൂളുകൾ തുടങ്ങിയവ നിലവിലുണ്ട്.

**<u>പോത്തുണ്ടി</u>** – പോത്തുണ്ടി ഡാമിനോടനുബന്ധിച്ച് ഗാർഡനുകൾ, പാർക്കുകൾ, അഡ്വഞ്ചർ ടൂറിസം പദ്ധതികൾ തുടങ്ങിയവ വികസിപ്പിച്ചിട്ടുണ്ട്.

**<u>മംഗലം</u>** – മംഗലം ഡാമിൽ ഉദ്യാനത്തിനു പുറമെ കുട്ടികളുടെ പാർക്കും, പുതിയ റൈഡുകളും നിർമ്മിച്ചിട്ടുണ്ട്.

**<u>പീച്ചി ഡാം</u>** – പീച്ചി ഡാമിൽ പൂന്തോട്ടം, കുട്ടികളുടെ പാർക്ക്, ബൊട്ടാണിക്കൽ ഗാർഡനിലൂടെയുള്ള നടപ്പാത, വാച്ച് ടവർ എന്നിവയാണ് ടൂറിസവുമായി ബന്ധപ്പെട്ട് സജ്ജീകരിച്ചിട്ടുള്ളത്.